LIBRARY ARCHIVES Kerala Legislative Assembly

നൂറനാട് ഗ്രാമപഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

138 [963] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ നൂറനാട് ഗ്രാമപഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തിൽ ഈ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(സി) ആയുർവ്വേദ ഡിസ്പെൻസറി എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള പരിഗണനാ ലിസ്റ്റിൽ നൂറനാട് ഗ്രാമപഞ്ചായത്തിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി ആന്റ് സി) ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ്. ഇവ ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് നൂറനാട് ഗ്രാമപഞ്ചായത്തിനെയും പരിഗണിക്കുന്നതാണ്.

ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

139 [964] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ ഭരണ സമിതി കൂടാറുണ്ടോ;

(സി) എങ്കിൽ എന്നാണ് അവസാനമായി ഭരണസമിതി കൂടിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ആലപ്പുഴ എം.പി.-യെയും എം.എൽ.എ.-യെയും ഭരണ സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവരെ ഉൾപ്പെടുത്തിയശേഷം ഭരണ സമിതി വിളിച്ചു കൂട്ടുകയും മുന്നറിയിപ്പില്ലാതെ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്നാണെന്നും ഇതിനുള്ള കാരണവും വ്യക്തമാക്കുമോ;